**SATURDAY** 23/05/2026 **ശനിയാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. K S** **Editor: Dr. V. Krishnadas**


**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/05/2026

1. കേന്ദ്ര സർക്കാരിന്റെ എല്ലാവിധ കാർഷിക ആനുകൂല്യങ്ങളും കാലതാമസമില്ലാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന 'അഗ്രിസ്റ്റാക്ക് കർഷക രജിസ്ട്രി' ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതിയിൽ സംസ്ഥാനത്തെ മുഴുവൻ കർഷകരും ഈ മാസം തന്നെ രജിസ്റ്റർ ചെയ്യണമെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അറിയിച്ചു. ആദ്യഘട്ടത്തിൽ കൃഷിഭവനുകൾ വഴിയായിരുന്നു അഗ്രിസ്റ്റാക്കിൽ രജിസ്റ്റർ ചെയ്തിരുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള കർഷകർക്ക് റജിസ്റ്റർ ചെയ്യാം. റജിസ്റ്റർ ചെയ്യുന്നവർക്ക് ഏകീകൃത കർഷക ഐഡി ലഭിക്കും.പ്രസ്തുത ഐഡി ഉണ്ടെങ്കിൽ മാത്രമേ ഭാവിയിൽ കേന്ദ്ര സർക്കാരിന്റെ കാർഷിക ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. അതിനാൽ കർഷക രജിസ്ട്രിയിലെ രജിസ്ട്രേഷൻ എല്ലാ കർഷകരും പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. കർഷകർക്ക് തങ്ങളുടെ ആധാർ കാർഡ്, ആധാറുമായി ബന്ധിപ്പിച്ച മൊബൈൽ നമ്പർ, ഭൂമിയുടെ രേഖകൾ (കരമടച്ച രസീത്/ പോക്കുവരവ് രേഖകൾ)

എന്നിവയുമായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ, കോമൺ സർവ്വീസ് സെന്ററുകൾ അല്ലെങ്കിൽ കൃഷിഭവനുകൾ വഴി ഫാർമർ ഐഡി ക്ക് വേണ്ടി രജിസ്റ്റർ ചെയ്യാം. തുടർന്ന് റവന്യൂ വകുപ്പിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ കർഷക ഐഡി ലഭ്യമാകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കാർഷിക മേഖലയെ സ്മാർട്ടാക്കാൻ സഹായകരമായ പുതുമയുള്ള കാർഷിക ആശയങ്ങളെ സംരംഭമാക്കി മാറ്റുന്നതിനുള്ള PM-RKVY- പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി മെയ് 30 വൈകീട്ട് 4 മണി വരെ ആക്കി പുതുക്കി നിശ്ചയിച്ചു. കേരള കാർഷിക സർവകലാശാല നടപ്പിലാക്കുന്ന അഗ്രിപ്രണർഷിപ്പ് ഓറിയന്റേഷൻ പ്രോഗ്രാം (KAU RAISE 2026), സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം (KAU PACE 2026) എന്നിവയിലേക്ക് അപേക്ഷിക്കുന്നതിനുള്ള തീയതിയാണ് നീട്ടിയിരിക്കുന്നത്. സ്മാർട്ട് കൃഷി രീതികൾ, കാർഷിക ഉത്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ, പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ, മാലിന്യ സംസ്കരണ മാർഗങ്ങൾ എന്നിങ്ങനെ വിവിധ കാർഷിക-

കാർഷികാനുബന്ധ മേഖലകളിലെ ആശയങ്ങൾ സ്റ്റാർട്ടപ്പുകളാക്കാൻ പദ്ധതിയിലേക്ക് അപേക്ഷിക്കാം. കേരള കാർഷിക സർവകലാശാലയിലെ അഗ്രിബിസിനസ് ഇൻക്യൂബേറ്ററിലൂടെയാണ് പദ്ധതിയുടെ സേവനങ്ങൾ നൽകുന്നത്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30.05.2026 (4 PM). കൂടുതൽ വിവരങ്ങൾക്ക് rabi.kau.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ 9778436265 / 0487 2438332 / 9497650150/ 9496979543 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ rabi@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ, ഗൂഗിൾ ഫോം മുഖേനയോ അയക്കാവുന്നതാണ്. അഗ്രിബിസിനസ് ഇൻക്യൂബേറ്ററിലേക്ക് അയക്കേണ്ട വിലാസം ഡോ. കെ. പി. സുധീർ, അഗ്രിബിസിനസ് ഇൻക്യൂബേറ്റർ മേധാവി, കാർഷിക എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ്, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശ്ശൂർ - 680656.

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപനത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ 35 ദിവസം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രായമായ BV-380 ഇനം കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് തയ്യാറായിരിക്കുന്നു. വില ഒന്നിന് 175/- രൂപ. ബുക്കിങ്ങിനായി വിളിക്കേണ്ട ഫോൺ നമ്പർ : 8547070773, 0487 2370773 വിളിക്കേണ്ട സമയം രാവിലെ 10 മണി മുതൽ 4 മണി വരെ.

4. മത്സ്യത്തൊഴിലാളി, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് ക്യാഷ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി, ടി എച്ച് എസ് എൽ സി, ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ പത്താം ക്ലാസ് എന്നീ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. കായിക വിനോദ മത്സരങ്ങളിൽ ദേശീയ-സംസ്ഥാന തലങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്കും അപേക്ഷിക്കാം. അപേക്ഷകൾ മെയ് 23 ന് വൈകിട്ട് അഞ്ച് മണിക്ക് മുൻപായി മത്സ്യ ബോർഡ് ഫിഷറീസ് ഓഫീസിൽ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി മത്സ്യബോർഡിന്റെ ഫിഷറീസ് ഓഫീസുമായോ മേഖലാ ഓഫീസുമായോ ബന്ധപ്പെടുക. ഫോൺ: 0484 2396005.

ff



5. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന്, കൊല്ലം ജില്ലയിലെ കൊട്ടിയം, തൃശ്ശൂർ ജില്ലയിലെ മാള എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെയിടുന്നതുമായ ഒരു ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ 9495000915, 9495000923, 9495000934 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം